ശ്രീ. പി. ജയരാജൻ: സർ, ഹജ്ജ് തീർത്ഥാടകരിൽനിന്ന് ന്യായമല്ലാത്ത തുക വസൂലാക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. ഈ ഏജൻസികളുടെ മറവിൽ പ്രവർത്തിക്കുന്നത് ചില മത സംഘടനകളാണ്. സുന്നി, മുജാഹിദ്, ജമാഅത്ത് ഇസ്ലാമി തുടങ്ങിയ മതസംഘടനകൾ ഇങ്ങനെ കിട്ടുന്ന തുക ഉപയോഗിച്ച് വിധ്വംസക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ്. മാറാട് പള്ളിതന്നെ ആത്തരം ഒരു സുന്നി സംഘടനയുടെ പ്രവർത്തനത്തിലാണ്. അതുകൊണ്ട് ന്യായമല്ലാത്ത തുക വസൂലാക്കുന്ന മതസംഘടനകൾ പ്രവർത്തിക്കുന്ന ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സുന്നി, മുജാഹിദ് സംഘടനകൾ ഒന്നും മത വിധ്വംസക സംഘടനകളല്ല. ശ്രീ. ജയരാജന് എന്തോ ധാരണപിശക് ഉണ്ട്. അത് തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ചെറുകിട വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിന് പദ്ധതി .

* 3 [815] ശ്രീ. ടി. വി. ചന്ദ്രമോഹൻ :
„ ലൂഡി ലൂയിസ്:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിനുള്ള ഒരു വസ്തുനിഷ്ഠ പദ്ധതിക്ക് രൂപം കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഇതിനുവേണ്ടി ഒരു പ്രത്യേക പുനഃരുദ്ധാരണ ഫണ്ട് ഉണ്ടാക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ—സി) ചെറുകിട വ്യവസായ രംഗം സജീവമാക്കാനും പീഡിത വ്യവസായങ്ങളെ പുനഃരുദ്ധരിക്കുന്നതിനും സമഗ്രമായ പരിപാടികൾ നടപ്പിലാക്കിവരുന്നു. നിലവിലുള്ള പീഡിത വ്യവസായ പുനഃരുദ്ധാരണ പദ്ധതി കൂടുതൽ ആശ്വാസ സഹായ നടപടികൾ ഉൾപ്പെടുത്തി കാലോചിതമായി പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വകുപ്പ് മേധാവികളുടേയും ഏതെങ്കിലും സ്ഥാപനങ്ങളുടേയും സഹായത്തോടെയും അംഗീകാരത്തോടെയും പുനഃരുദ്ധരിക്കാനുള്ള പാക്കേജ് അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതിനായി പ്രൊഫഷണൽ ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. വിപണനം, സാങ്കേതിക ഉന്നമനം, മാനേജ്മെന്റ് പരിശീലനം എന്നിവ നൽകി പീഡിത വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇന്ന് തൊഴിൽ നൽകാനുള്ള ചെറുകിട വ്യവസായത്തിന്റെയും ചെറുകിട വ്യവസായത്തിന്റെ വളർച്ചയുടേയും കാര്യത്തിൽ അങ്ങ് നൽകിയ മറുപടിയിൽ നിർഭാഗ്യകരമെന്നു പറയട്ടെ മുഴുവൻ ഉദ്ദേശിക്കുന്നുണ്ട്, പരിഗണിക്കുന്നുണ്ട്, തോന്നുന്നുണ്ട് അങ്ങനെയുള്ള മറുപടിയാണ് ഇത്രയും വർഷങ്ങളായിട്ട് നൽകിയിട്ടുള്ളത്. ഈ പീഡിത വ്യവസായത്തിനുള്ള ഫണ്ട് എന്നാണ് റിവീസ് ചെയ്യുക; അതിനുള്ള പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ, എത്രയാണ് ഫണ്ട് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ചോദ്യം ചോദിക്കുന്ന രൂപത്തിൽ പറഞ്ഞാലല്ലേ ഉത്തരം പറയാൻ പറ്റുകയുള്ളൂ. ഈ എടുക്കുന്ന നടപടികൾ മുഴുവൻ മെയിൻ ആൻസറിൽ പറയാൻ കഴിയുകയില്ലല്ലോ. എന്ത് നടപടികൾ വേണമെങ്കിലും വിശദീകരിക്കാം. ഇപ്പോൾ ചെറുകിട വ്യവസായ രംഗം, ഡി. ഐ. സി. ടോട്ടലായിട്ടുള്ള ഒരു റീസ്ട്രക്ച്ചറിംഗാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അതുപോലെത്തന്നെ പീഡിത വ്യവസായങ്ങൾക്കുവേണ്ടി പ്രത്യേക ഫണ്ട് ഉണ്ടാക്കി അതിന്റെ റീസ്ട്രെക്ച്ചറിംഗിനുവേണ്ടി നടപടികൾ എടുക്കുമെന്നാണ് മെയിൻ ഉത്തരത്തിൽ പറയുന്നത്. അതിന്റെ വിശദാംശങ്ങൾ എന്നുപറയുന്നത് വളരെ കൂടുതലാണ്. അതുപോലെത്തന്നെ പീഡിത വ്യവസായങ്ങൾക്ക് കൂടുതലായി സാമ്പത്തിക ആനുകൂല്യങ്ങളും ആശ്വാസങ്ങളുമൊക്കെയുണ്ടാകണമെങ്കിൽ കുറച്ചുകൂടി ഇളവൊക്കെ കൊടുക്കുന്നതിനാണ് ഈ പദ്ധതി പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ഇതിനൊക്കെ ഒരുപാട് നടപടികളുണ്ട്. അത് ഓരോന്നും വിശദീകരിക്കണമെങ്കിൽ സമയം എടുക്കും.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, തൃശ്ശൂർ ജില്ലാ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ നിരവധിയാളുകൾക്ക് ജോലി നൽകാനുള്ള ഒരു പ്രോജക്ട് ഫുഡ്ക്രാഫ്റ്റ് ഇൻഡസ്ട്രീസിന്റെയും ഫർണിച്ചർ ഇൻഡസ്ട്രീസിന്റെയും അതുപോലെത്തന്നെ വൈരക്കൽ പോളിഷിങ്ങിനേയും സംബന്ധിച്ച് അങ്ങേക്ക് നൽകുകയുണ്ടായി. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ എത്രയും പെട്ടെന്ന് കൊടുക്കാനുള്ള തീരുമാനം ഉണ്ടാകുമെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വൈരക്കൽ പോളിഷിങ്ങിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം തന്നെയാണ്. നിവേദനം നൽകിയിട്ടുണ്ട്. ഞാൻ അവിടെപോയി അവരുമായി സംസാരിച്ചു. അതുസംബന്ധിച്ച് ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ചില നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നുണ്ട്. ഒരു കാലത്ത് അവിടെ കൈത്തൊഴിൽ എന്ന നിലയ്ക്ക് വൈരക്കൽ പോളീഷ് വളരെ ഉന്നമനത്തിലായിരുന്നു. പല പ്രശ്നങ്ങളും ഉണ്ടായിരുന്നു. അതൊക്കെ പോയി. അത് തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ശ്രമം ഇപ്പോൾ കാര്യമായി നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം. മറ്റ് നിവേദനങ്ങളെ സംബന്ധിച്ച് എനിക്ക് നോക്കിയിട്ടേ പറയാൻ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റൂഡി ലൂയീസ് : സർ, ചെറുകിട വ്യവസായങ്ങളിലെ ഏറ്റവും വലിയ പ്രതിസന്ധി ആ വ്യവസായ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മാർക്കറ്റ് തന്നെയാണ് വലിയ പ്രശ്നം. അതിനുള്ള കാരണം ക്വാളിറ്റി കോമ്പിറ്റീഷൻ എന്നിവയാണ്. പിന്നെ ക്ലസ്റ്റർ അപ്രോച്ച് പുതുതായിട്ട് വ്യവസായ മേഖലയിൽ കൊണ്ടുവരുന്നുണ്ട്. പിന്നെ ചില ഐറ്റങ്ങളെ സംബന്ധിച്ച് കേരള ബ്രാന്റ് ഉണ്ടാക്കാൻ വേണ്ടി ബ്രാൻഡിംഗ് പ്രോത്സാഹനം നടപ്പിലാക്കുന്നുണ്ട്. ഫുഡ് പ്രോസസ്സിങ്ങിലൊക്കെ പിന്നെ അതിന്റെ ക്വാളിറ്റി കൺട്രോളിംഗ്, സ്റ്റാൻഡേർഡൈസേഷൻ ഇങ്ങനെ മാർക്കറ്റ് എന്നു പറഞ്ഞാൽ വെറുതെ പരസ്യപ്പെടുത്തിയാൽ മാർക്കറ്റാവുകയില്ല. അതിനൊക്കെ കുറച്ചൊക്കെ സത്യം വേണം; ബോധ്യവും വേണം. ഇത്തരത്തിലുള്ള വിവിധ നടപടികൾ എടുക്കുന്നുണ്ട്. മാർക്കറ്റിംഗിൽ ചെറുകിട വ്യവസായികളെ സഹായിക്കാൻ വേണ്ടിയുള്ള ഒരു തന്ത്രവും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ രംഗത്തെ പ്രവാസി നിക്ഷേപം

* 4 [816] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, മഞ്ഞളാംകുഴി അലി :
,, എം. വി. ജയരാജൻ :
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ നിക്ഷേപം വർദ്ധിച്ചിട്ടുണ്ടോ; വ്യവസായ രംഗത്ത് പ്രവാസിനിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ പ്രവാസികളുടേതായ എത്ര നിക്ഷേപം പ്രതീക്ഷിക്കുകയുണ്ടായി;

(സി) നിക്ഷേപം സംബന്ധിച്ച് പ്രവാസികളുമായി ധാരണയിലെത്തിയ പദ്ധതികളെത്ര;

LIBRARY ARCHIVES Kerala Legislative Assembly